# സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച്, കോടുകുളഞ്ഞി

## ഡയറക്ടറി – വിവര ശേഖരണം

കർത്താവിൽ പ്രിയമുള്ളവരെ,

വർഷങ്ങൾക്ക് മുമ്പ് പ്രസിദ്ധീകരിച്ച ഒരു ഡയറക്ടറി മാത്രമാണ് കോടുകുളഞ്ഞി സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിനുള്ളത്. അത് കാലാനുസൃതമായി പരിഷ്ക്കരിക്കുവാനും കഴിഞ്ഞിരുന്നില്ല. നമ്മുടെ സഭയെ സംബന്ധിച്ച് കുടുംബാംഗങ്ങളുടെ ഫോട്ടോയുള്ള ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കേണ്ടത് വളരെ ആവശ്യമാണ്. ഏവരുടേയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1) വിവാഹിതരായി, കുടുംബസ്ഥരായവർ ഓരോ കുടുംബത്തിനും വെവ്വേറെ ഫോം പൂരിപ്പിച്ച് നൽകേണ്ടതാണ്.

2) കുടുംബനാഥന്റെ (Head of the family) അടുത്ത ബന്ധുക്കളായ സഭാംഗങ്ങൾ ഉണ്ടെങ്കിൽ (അതായത് മാതാപിതാക്കന്മാർ, മക്കൾ, സഹോദരങ്ങൾ) ആ ഭവനത്തിലെ കുടുംബ നാഥനുമായുള്ള ബന്ധം രേഖപ്പെടുത്തുവാനുള്ള കോളവും ഉണ്ടായിരിക്കും.

3) ഫോമിനോടൊപ്പം കുടുംബഫോട്ടോയും (ഏറ്റവും പുതിയത്) നൽകണം. ആർക്കെങ്കിലും കടുംബ ഫോട്ടോ ഇല്ലെങ്കിൽ സഭയിൽ നിന്നും ഫോട്ടോ എടുക്കുവാൻ ക്രമീകരണം ചെയ്യുന്നതാണ്.

4) പൂരിപ്പിച്ച അപേക്ഷാഫോറം ഏപ്രിൽ 10-ന് മുൻപായി തിരികെ ഏൽപ്പിക്കേണ്ടതാണ്. ഫോമുകൾ പൂരിപ്പിക്കുവാൻ സഹായം ആവശ്യമുള്ളവർ അതതു ഭാഗത്തുള്ള പ്രാർത്ഥനാ ഭാഗം ലീഡേഴ്സിനേയോ കമ്മറ്റി അംഗങ്ങളേയോ ബന്ധപ്പെടാവുന്നതാണ്.

5) പൂരിപ്പിച്ച ഫോമുകൾ, ഫോട്ടോസഹിതം ചർച്ച് ഓഫീസിലോ, അതതു ഭാഗത്തുള്ള കമ്മറ്റി അംഗങ്ങളേയോ, പ്രാർത്ഥനാഭാഗം ലീഡേഴ്സിനേയോ ഏല്പിക്കാവുന്നതാണ്. പി.ഡി.എഫ്. ഫയലുകൾ kodukulanji.csi.christ.church@gmail.com എന്ന ഇ-മെയിലിൽ അയക്കാവുന്നതാണ്.

6) അപേക്ഷാഫോറം വ്യക്തമായും പൂർണ്ണമായും പൂരിപ്പിച്ച് നൽകണം.

7) ഡയറക്ടറിയിലെ വിവരങ്ങൾ സർട്ടിഫിക്കറ്റും മറ്റും നൽകുന്നതിനുള്ള ഔദ്യോഗിക രേഖയായി പരിഗണിക്കുന്നതല്ല. ചർച്ച് ഓഫീസ് ആവശ്യങ്ങൾക്കും, ഇടയപരിപാലന ശുശ്രൂഷയ്ക്കും അംഗങ്ങളുമായി ബന്ധപ്പെടുന്നതിനും അന്യോന്യമുള്ള കൂട്ടായ്മ ബന്ധത്തിനും ഡയറക്ടറി ഉപകരിക്കപ്പെടണം.

8) പ്രീയപ്പെട്ടവരുടെ ഓർമ്മയ്ക്കും മറ്റുമായി ഡയറക്ടറിയിലെ പേജുകൾ സ്പോൺസർ ചെയ്യുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ പ്രസ്തുത വിവരം ഓഫീസിൽ അറിയിക്കേണ്ടതാണ്. തുകയും മറ്റ് നിബന്ധനകളും പുറകാലെ അറിയിക്കുന്നതാണ്.

9) ഫോമിനോടൊപ്പം നൽകുന്ന ഫോട്ടോയിലും അനുബന്ധ രേഖകളിലും ഫോമിലുള്ള അതേ സീരിയൽ നമ്പർ (Sl. No.) എഴുതേണ്ടതാണ്.

പ്രാർത്ഥനാശംസകളോടെ,

റവ. നെബു സ്കറിയ

(ഇടവക വികാരി)